കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/405/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി: 25.08.2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്

സർ,

| | | |
|---|---|---|
| വിഷയം | : | മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് |

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 5, 35, 36, 37 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1),1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/405/2020. തീയതി: 25.08.2020

## കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 13.11.2018 മുതൽ 05.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 34 എണ്ണം നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് ഒരു ദിവസം മുൻപ് ഓഡിറ്റ് അവസാനിപ്പിക്കേണ്ടി വന്ന സാഹചര്യത്തിൽ ഓഡിറ്റ് പരാമർശങ്ങൾ സമാപനയോഗത്തിൽ അവതരിപ്പിക്കുന്നതിനോ മറുപടി/വിശദീകരണം ലഭ്യമാക്കുന്നതിനോ സാധിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ .എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-03-2020 മുതൽ 19-03-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാബുരാജ്മടപ്രത്ത് | ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ) |
| | ശ്രീമതി.ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| | ശ്രീമതി.ശ്രീജ.കെ | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.തറപ്പേൽ ബാബു ജോസഫ് | 01-4-2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ഷാജി കൊഴക്കുന്നോൻ | 1-4-2018 മുതൽ31-05-2018 വരെ |
| | ശ്രീ.ബാലകൃഷ്ണൻ കല്യാടൻ (അധിക ചുമതല) | 01.06.2018 മുതൽ 03.06.2018 വരെ |
| | ശ്രീ.സുരേഷ് ബാബു.കെ. | 04.06-2018മുതൽ 25-10-2018വരെ 26.11.2018 മുതൽ31.03.2019 വരെ |
| | ശ്രീ.റെജി.പി.മാത്യു (അസി.സെക്രട്ടറി ഇൻ ചാർജ്ജ്) | 26.10.2018 മുതൽ25.11.2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.നിമിഷ.ജി. | 1-4-2018 മുതൽ 02-11-2018 വരെ |
| | ശ്രീമതി.ഗായത്രി എം.എൻ. | 03.11.2018 മുതൽ 02.03.2019 വരെ |
| | ശ്രീമതി.ഡോണ സ്കറിയ | 03.03.2019മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.താജുദ്ദീൻ.കെ | 1.04.2018മുതൽ 3.06.2018 വരെ |
| | ശ്രീ.ജോമോൻ പൗലോസ്. | 04.06.2018 മുതൽ 03.10.2018 വരെ |
| | ശ്രീമതി.മഞ്ജുള.പി.വി | 04.10.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.എസ്.സാരഥി | 01-04-2018മുതൽ 31-03-2019വരെ |
| വി.ഇ.ഒ | ശ്രീമതി.തസ്നി.വി.പി. | 1-4-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പി.വി.പ്രശാന്ത് | 1-4-2018മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.റെജി.പി.മാത്യു | 1-4-2018മുതൽ 31-03-2019 വരെ |
| | | |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗീതാകുമാരി.വി.ജി. | 1-4-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | ഡോ.ലിഷമോൾ | 1-4-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.കെ.പി.മനോജ്. | 1-4-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ ജി.യു.പി.എസ്.മുഴക്കുന്ന് | ശ്രീ.ഉസ്മാൻ പള്ളിപ്പാത്ത് | 1-4-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 13 | എഫ് ടി ഇ& ഒ എസ് ലൈസൻസ് അപാകങ്ങൾ | 1-13 |
| 14 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-14 |
| 15 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 1-15 |
| 16 | സാന്ത്വന പരിചരണം - മരുന്നിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-16 |
| 17 | ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നു | 1-17 |

| | | |
|---|---|---|
| 18 | ശുചിത്വമിഷൻ ഫണ്ട് - വിനിയോഗ രേഖകളുടെ അഭാവത്തിൽ ₹1,50,000 തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | പദ്ധതി രൂപീകരണം,നിർവ്വഹണം ,മോണിറ്ററിംഗ്- രേഖകളുടെ അഭാവത്തിൽ ₹6997 തടസ്സപ്പെടുത്തുന്നു | 1-19 |
| 20 | ഗ്രന്ഥശാലകൾക്ക് പുസ്തകം വിതരണം ചെയ്തത് - അപാകങ്ങൾ | 1-20 |
| 21 | എസ് എസ് എ വിഹിതം അടക്കൽ - ഇനംതിരിച്ചുള്ള വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല | 1-21 |
| 22 | സമഗ്ര വിദ്യാഭ്യാസ പദ്ധതി - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല – ചെലവ് തുക 19000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-23 |
| 24 | കുടിവെള്ള വിതരണം നടത്തിയത്- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല | 1-24 |
| 25 | കുരുമുളക് തൈ വിതരണ പദ്ധതി:- വിശദീകരണത്തിന്റെ അഭാവത്തിൽ ₹167160 തടസ്സപ്പെടുത്തുന്നു . | 1-25 |
| 26 | തരിശു നിലം കൃഷിയോഗ്യമാക്കൽ - രേഖകളുടെ അഭാവത്തിൽ ₹40000 തടസ്സപ്പെടുത്തുന്നു . | 1-26 |
| 27 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കൽ- നടപടിക്രമങ്ങൾ പാലിക്കാത്തതും പിഴ ഈടാക്കാത്തതും സംബന്ധിച്ച്- | 1-28 |
| 29 | ഗുണഭോക്തൃ സമിതി നിർവഹിച്ച പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച്. | 1-29 |
| 30 | ഇ-ടെണ്ടർ:- ടെണ്ടർ ഫീസ് തിരികെ ലഭ്യമായിട്ടില്ല | 1-30 |
| 31 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതു സംബന്ധിച്ച് | 1-31 |
| 32 | റോഡ് ടാറിങ്ങ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് | 1-32 |
| 33 | നിർമാണ തൊഴിലാളി ക്ഷേമനിധി-കലക്ഷൻ ചാർജ് ഈടാക്കാത്തതു സംബന്ധിച്ച് | 1=33 |
| 34 | റോഡ് കോൺക്രീറ്റ് പ്രവൃത്തി- കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയതിലെ പിഴവ്-കരാറുകാരന് അധിക തുക അനുവദിച്ചു | 1-34 |
| 35 | ലൈഫ് ഭവനപദ്ധതി(ജനറൽ)- വീടുകളുടെ നിർമാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് | 1-35 |

| | | |
|---|---|---|
| 36 | തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് | 1-36 |
| 37 | വായ്പാവിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-37 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 50 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 51 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 52 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ വാർഷിക ബജറ്റ് 16.03.2018തീയതിയിലെ 59/18 നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.02.2019 തീയതിയിലെ 44/19 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.2018-19 വർഷത്തെ കരട് ബജറ്റിന്റെയും പുതുക്കിയ ബജറ്റിന്റെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| | കരട് ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 22316278.00 | 22316278.00 |
| വരവ് | 142146600.00 | 129218000.00 |
| ആകെ | 164462878.00 | 151534278.00 |
| ചെലവ് | 154870000.00 | 134003565.00 |
| നീക്കിയിരിപ്പ് | 9592878.00 | 17530713.00 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.05.2019 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28896377 |
| വരവ് | 56372990 |
| ആകെ | 85269367 |
| ചെലവ് | 59385412 |
| നീക്കിയിരിപ്പ് | 25883955 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11855552 | 11855552 | 11855552 | 0 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 544396 | 544396 | 544396 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1690764 | 1690764 | 1690764 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5227551 | 5227551 | 5227551 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2493052 | 2493052 | 2493052 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 6666085 | 6666085 | 6666085 | 0 |
| സാക്ഷരത | | 6616 | 122526 | 129412 | 121646 | 7498 |
| പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി | | 29823 | 8436 | 38259 | - | 38259 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2421 | 230999 | 233420 | 216383 | 17037 |
| | തൊഴിലാളികളുടെ കൂലി | | 13184889 | 13184889 | 13184889 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1162050 | 615000 | 1777050 | 930000 | 847050 |
| | ജില്ലാ പഞ്ചായത്ത് | 1251859 | 1996400 | 3245259 | 2319634 | 925625 |
| പൈക്ക ഗ്രാന്റ് | | 19416 | 777 | 20193 | -- | 20193 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 1828297 | 1013300 | 2841597 | 34000 | 2807597 |
| ടി.എസ്.സി.(കേന്ദ്രാവിഷ്കൃതം) | | 251721 | 304300 | 556021 | 326300 | 229721 |
| അനുപൂരക പോഷകാഹാര പദ്ധതി | | 623512 | 664788 | 1288300 | 847413 | 440887 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 17322357 | 44196174 | 61518531 | 46564234 | 14954297 |
| | ട്രഷറി അക്കൗണ്ട് | 8699962 | 10976838 | 11299440 | 11299440 | 8377355 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | (എണ്ണം) | (എണ്ണം) | |
| 179 | 91918535 | 123 | 47835299 | 12 | 56 | 68.71 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 14 | 6 | 3892280 | 719791 | 18.49 |
| കൃഷി ഓഫീസർ | 12 | 10 | 2537617 | 1168626 | 46.05 |
| വെറ്റിനറി സർജൻ | 7 | 4 | 4162000 | 1979998 | 47.57 |
| വി.ഇ.ഒ | 15 | 14 | 47014424 | 21701163 | 46.15 |
| അസി.എഞ്ചിനിയർ | 94 | 55 | 27032109 | 15471427 | 57.23 |
| ഹെഡ് മാസ്റ്റർ | 13 | 13 | 1247500 | 1221428 | 97.91 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 3805605 | 3728446 | 97.97 |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 2 | 2 | 545000 | 514120 | 94.33 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 2 | 1 | 330000 | 300000 | 90.90 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 20000 | 20000 | 100 |
| അസി.സെക്രട്ടറി | 12 | 11 | 1152000 | 830300 | 72.07 |
| ആകെ | 179 | 123 | 91918535 | 47835299 | 52.04 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 15116150 | 11855552 | 78.42 |
| എസ്.സി.പി | 663000 | 544396 | 82.11 |
| ടി.എസ്.പി | 2403000 | 1690764 | 70.36 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7894853 | 6666085 | 84.43 |
| സംസ്ഥാനാവിഷ്കൃതം | 3686401 | 1254738 | 34.03 |
| തനത് ഫണ്ട് | 7762170 | 1237766 | 15.94 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1425000 | 615000 | 43.15 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3594733 | 2953331 | 82.15 |
| സംരക്ഷണഗ്രാന്റ് റോഡ് | 7189456 | 5227551 | 72.71 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3236500 | 2493052 | 77.02 |
| മറ്റുള്ളവ | 38947272 | 13297064 | 34.14 |
| ആകെ | 91918535 | 47835299 | 52.04 |

പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 2018 മാർച്ചിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ഗ്രാമസഭകൾ 2018 ജൂണിലും നടന്നിട്ടുണ്ട്. 2018-19 വാർഷിക പദ്ധതി രൂപീകരണം, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നീ അജണ്ടകളുമായി 2018 നവമ്പറിലും 2019-20 വർഷത്തെ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുപ്പിനായി 2019 ഫെബ്രുവരിയിലും ഗ്രാമസഭകൾ വിളിച്ചുചേർത്തിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ തൃപ്തികരമായ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട സമിതികളുടെ പ്രവർത്തനം ഗ്രാമ പഞ്ചായത്തിൽ തൃപ്തികരമായ വിധത്തിലാണെന്ന് പറയാനാവില്ല. സ്റ്റിയറിങ്ങ് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ ചേരുകയോ പ്രവർത്തനങ്ങളുടെ പൊതു വിലയിരുത്തലുകൾ നടത്തുകയോ ചെയ്തു വരുന്നില്ല. 2018-19 വർഷത്തിൽ സ്റ്റിയറിങ്ങ് കമ്മറ്റിയുടെ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. (16-2-2019 ന് മാത്രം). സ്റ്റിയറിങ്ങ് കമ്മറ്റി 2020 കലണ്ടർ വർഷത്തിൽ ഇതുവരെ ഒരു യോഗം പോലും ചേർന്നിട്ടില്ല. സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക എന്ന സുപ്രധാനമായ ഉത്തരവാദിത്തമാണ് സ്റ്റിയറിങ്ങ് കമ്മറ്റിക്ക് നിയമപരമായി നിർവ്വഹിക്കാനുള്ളത്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162-ബി). ഈ ചുമതല നിർവഹിക്കുന്നതിൽ സ്റ്റിയറിങ്ങ് കമ്മറ്റി പരാജയമാണ് എന്നാണ് രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമായ വിധത്തിൽ നടന്നുവരുന്നതായി കാണുന്നില്ല. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട അവസ്ഥാ വിലയിരുത്തലുകൾ നടത്തുക, പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. പദ്ധതികളുടെ മോണിറ്ററിംഗ് ഓരോ വർക്കിംഗ് ഗ്രൂപ്പും നിർവ്വഹിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽകൊണ്ടുവരുന്നു. ആവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുക, പദ്ധതി നിർവ്വഹണം നിരന്തരമായി മോണിറ്റർ ചെയ്യുക തുടങ്ങിയ സുപ്രധാനമായ ഉത്തരവാദിത്തങ്ങളാണ് വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ ഓഡിറ്റ് കാലയളവിൽ ഒന്നോ രണ്ടോ തവണ മാത്രമാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. ചർച്ചകളും തീരുമാനങ്ങളും കൃത്യമായി മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. നിയമപരമായ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നിർവഹിക്കുന്ന തലത്തിലേക്ക് വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഉയരേണ്ടതുണ്ട്.

എല്ലാ പ്രോജക്ടുകളുടെയും അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമായിരുന്നില്ല. എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പ്രോജക്ട് രേഖകളുടെ അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

തൻവർഷത്തെ പദ്ധതിച്ചെലവ് ആകെ പദ്ധതി അടങ്കലിന്റെ 52.04 % മാത്രമാണ്. ഗ്രാമ പഞ്ചായത്തിന്റെ വികസനസാധ്യതകൾ മുഴുവൻ പദ്ധതി നിർവ്വഹണത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. നടപ്പാക്കാൻ പ്രായോഗികമായി സാധ്യമാവുന്നതും പ്രദേശത്തിന്റെ ആവശ്യകതകൾക്കിണങ്ങുന്നതും
വികസന സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താവുന്നതുമായ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധയുണ്ടാവേണ്ടതുണ്ട്.

സാമൂഹ്യ സുരക്ഷയും പരിസ്ഥിതിരക്ഷയും ഉറപ്പു വരുത്തുന്ന സമഗ്ര വികസനമെന്ന, സർക്കാർ മുന്നോട്ട് വെച്ച 13-ാം പദ്ധതിയുടെ പൊതുകാഴ്ചപ്പാടിനനുസരിച്ച് തന്നെ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രമം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു.

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയുടെ രൂപീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. എന്നാൽ 2018-19 വർഷം പഞ്ചായത്തിലെ ആസൂത്രണസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ലയെന്ന് യോഗ മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു.
ലൈഫ്മിഷൻ പ്രകാരമുള്ള ഭവനങ്ങളുടെ നിർമാണം പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നത് സംബന്ധിച്ച് ഖ. 1-35ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2421 | 230999 | 233420 | 216383 | 17037 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13415888 | 13415888 | 13415888 | -- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 111360 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 4724800 | 385 |
| വിധവാപെൻഷൻ | 11425600 | 970 |
| വാർദ്ധക്യകാലപെൻഷൻ | 20701600 | 1821 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3383600 | 302 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 763600 | 65 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.03.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹19516/- രൂപയുടെ (പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റിപതിനാറ് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ എല്ലാ മാസവും ചേരുന്നതിൽ വീഴ്ച നിലനിൽക്കുന്നു. നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, പദ്ധതി നിർവ്വഹണത്തിലെ സ്ഥിതി, സേവനപ്രദാനത്തിലെ പ്രശ്നങ്ങൾ തുടങ്ങിയവ

സംബന്ധിച്ച് ഫലപ്രദമായ വിലയിരുത്തൽ നടത്തുവാൻ കൃത്യമായ ഇടവേളകളിൽ ഓഫീസ് മീറ്റിങ്ങുകൾ ചേരുക എന്നത് അനിവാര്യമാണ്. സ്ഥാപനത്തിന്റെ ഓഡിറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മുൻകൂറായി നോട്ടീസ് നൽകിയിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് ഒരു ഓഫീസ് ഓർഡർ പോലും പുറപ്പെടുവിച്ചില്ല. ഈ തയ്യാറെടുപ്പില്ലായ്മ കൊണ്ട് തന്നെ ആവശ്യമായ രേഖകളും വിവരങ്ങളും യഥാസമയം ലഭ്യമാകുന്നതിന് പ്രയാസം നേരിടുകയുണ്ടായി. ആഭ്യന്തര നിയന്ത്രണസംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2020 | 2019 ഡിസംബർ വരെ | 31.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.09.2013 മുതൽ 11.09.2013 വരെ | 2008-09 മുതൽ 2011-12 വരെ | 12.11.2013 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സംഗ്രഹം എഴുതിയിട്ടില്ല.

2)കെ.യു.ആർ.ഡി.എഫ്.സി.ലോൺ തുക ആർ.പി. 32 ൽ 330500202 എന്ന ഹെഡിൽ വരവ് രേഖപ്പെടുത്തുന്നതിന് പകരം ആദ്യഗഡു 6436527 രൂപ 350400501 (RP-36) എന്ന ഹെഡിൽ തെറ്റായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. രണ്ടാം ഗഡു 5920000/രൂപ ഈ ഹെഡിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ബി.5 ൽ ലോൺ ബാധ്യത (12356527) ഉൾപ്പെടുത്തിയിട്ടില്ല.

3)വസ്തു നികുതി അഡ്വാൻസ് കലക്ഷൻ, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 15241/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 8068/- രൂപയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

4)ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5)വാർഷിക കണക്കുകൾക്കൊപ്പം അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടില്ല.

## 1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

എ)2018-19കാലയളവിൽ എഫ് ടി ഇ& ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിൽ ഒന്നിലധികം ആളുകൾ ജോലിചെയ്യുന്നതായി സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഗോവിന്ദൻ കളരിപ്പറമ്പത്ത് | 4/457 | ധന്യ ഹോട്ടൽ | 5 |
| 2 | അരുൺ കുമാർ എ | 7/414 K | മാർസ് റസ്റ്റോറന്റ് | 10 |
| 3 | സജീർ ടി ഒ | 3/444A | ഫുഡ് പാലസ് ,ഹോട്ടൽ &കൂൾബാർ | 4 |
| 4 | ഷിതിൻ എം എസ് | 8/392 | ബ്രോഡ്ബീൻ ഹോട്ടൽ | 7 |
| 5 | ടി എഫ് സെബാസ്റ്റ്യൻ | 13/444 | സജി ടിമ്പേഴ്സ് | 5 |
| 6 | ഉസ്സൻ ടി കെ | 11/261 | ടികെ സോമിൽ | 3 |
| 7 | ഷൈനി കെ | 15/247 A | പി കെ ഇന്റർലോക്ക് &ഹോളോബ്രിക്സ് | 4 |
| 8 | സെക്രട്ടറി, പാലപ്പുഴ ക്ഷീരോല്പാദക സഹകരണ സംഘം | 6/83 A | പാൽ സംഭരണം | 3 |
| 9 | സെക്രട്ടറി, എടത്തൊട്ടി ക്ഷീരോല്പാദക സഹകരണ സംഘം | 7/75,76 | പാൽ സംഭരണം | 5 |

ബി) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മൃദംഗ ശൈലേശ്വരി ക്ഷേത്രത്തിലെ ജീവനക്കാർ , തളിപ്പൊയിൽ ക്ഷീരോല്പാദക സഹകരണ സംഘം ജീവനക്കാർ, റേഷൻവ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6 തീയതി 12-3-2020) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം (എ) പ്രകാരം സൂചിപ്പിച്ച സ്ഥാപനങ്ങളിൽ കൂടുതലായും ഇതര സംസ്ഥാന ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്നും തൊഴിൽ നികുതി ഒടുക്കേണ്ടുന്ന കാലപരിധിയിലും

വരുമാന പരിധിയിലും ജോലി ചെയ്യുന്നവരില്ലെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 (സി) പ്രകാരം സെക്രട്ടറി തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകൾക്ക് ഇപ്രകാരം നോട്ടീസ് നൽകിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ തൊഴിലുടമകൾക്കും ഇപ്രകാരം നോട്ടീസ് നൽകേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തൊഴിൽ നികുതി മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-13 എഫ് ടി ഇ& ഒ എസ് ലൈസൻസ് അപാകങ്ങൾ

1. 314 വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുഴുവൻ അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാർച്ച് മാസം ലൈസൻസിനായി ലഭിച്ച 53 അപേക്ഷകളിൽ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട് , സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ മുഴുവൻ വിവരങ്ങളും ചേർത്തിട്ടില്ല.മൂലധന ചെലവ് കണക്കാക്കാതെ എപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. കൂടാതെ ഓഡിറ്റിന് ലഭ്യമാക്കിയ എഫ് ടി ഇ& ഒ എസ് ലൈസൻസ് പെർമിഷൻ രജിസ്റ്ററിലെ വിവരങ്ങൾ പൂർണമല്ല.

2.മലിനീകരണം ഉണ്ടാക്കുവാൻ സാധ്യതയുള്ള എല്ലാ വ്യവസായങ്ങൾക്കും /സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡോ അല്ലെങ്കിൽ സർക്കാരിന്റെ വ്യാവസായിക വകുപ്പോ മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് പഞ്ചായത്തിന് ലൈസൻസ് അനുവദിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെ ലൈസൻസ് പുതുക്കി നൽകിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിട നം | സംരംഭം | ലൈസൻസ് നം,തീയതി |
|---|---|---|---|---|
| 1 | ഉസ്സൻ ടി കെ | 11/261 | ടി കെ സോമിൽ<br>37HP | 193/18-12-18 |
| 2 | അബുസാലി ടി സി | 8/107,108,109 | വെൽഡിംഗ് ഷോപ്പ്<br>20 HP | 202/29-12-18 |
| 3 | ടി എഫ് | 13/444 | സജി ടിമ്പേഴ്സ് | 264/2-3-19 |

| | | | | |
|---|---|---|---|---|
| | സെബാസ്റ്റ്യൻ | | 50 HP | |

3. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ ഷോപ്പുകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ല . പ്രസ്തുത സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയതായും കാണുന്നില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

# 1-14 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

1.തൊഴിൽ നികുതി രജിസ്റ്റർ

സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി, സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാർ സ്ഥലം മാറി പോയതിന്റെ വിവരങ്ങൾ, റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം, തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ മുഴുവൻ വിവങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംബന്ധിച്ച് സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2.എഫ് ടി ഇ& ഒ എസ് ലൈസൻസ് രജിസ്റ്റർ

2018-19 വർഷത്തെ എഫ് ടി ഇ& ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ എഫ് ടി ഇ& ഒ എസ് ലൈസൻസ് പെർമിഷൻ രജിസ്റ്ററിൽ ചില സ്ഥാപനങ്ങൾക്ക് അനുവദിച്ച ലൈസൻസ് നമ്പർ, ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ, കെട്ടിട നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

# 1-15 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല എന്നും ചട്ടം 5(1)പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിനുമുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2018-19കാലയളവിലെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ്

പെർമിഷൻ രജിസ്റ്റർ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ 3 സ്വകാര്യ ക്ലിനിക്കുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഡോ. ഭാസ്കരൻ, ദീപ്തി ഹോമിയോക്ലിനിക്ക്

2.ലതിക .കെ ,വൈദ്യരത്നം ആയുർവേദ ക്ലിനിക്ക്

3.ആൽവിൻ ജെയിംസ്, അപ്പോളോ ദന്തൽ കെയർ

ഇതിൽ ക്രമ നം 3 പ്രകാരമുള്ള സ്ഥാപനം 2018-19 വർഷം പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് രണ്ട് സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തിയിട്ടില്ല. കൃത്യമായ ഫീൽഡ്തല പരിശോധന നടത്തി മുഴുവൻ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ മേൽ കാലയളവിൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചിരുന്ന മുഴുവൻ സ്ഥാപനങ്ങൾക്കുമെതിരെ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പിഴശിക്ഷ നടപ്പാക്കാവുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

# 1-16 സാന്ത്വന പരിചരണം - മരുന്നിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ടിന്റെ പേര് : സാന്ത്വന പരിചരണം

പ്രോജക്ട് നമ്പർ : 30/19

അടങ്കൽ : 450000 (വികസന ഫണ്ട്)

: 100000( ജില്ല പഞ്ചായത്ത് വിഹിതം)

ചെലവ് : 369120 (വികസന ഫണ്ട്)

: 100000( ജില്ല പഞ്ചായത്ത് വിഹിതം)

മേൽ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 100000 രൂപയിൽ 50000 രൂപ (ചെക്ക് നം 0737095/19-12-18) 20-12-2018 നും ബാക്കി 50000 രൂപ (ചെക്ക് നം 2239973/23-3-19) 23-3-19 നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ആയതിൽ 20-12-2018 ന് നൽകിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 23-3-2019 ന് നൽകിയ 50000 രൂപയുടെ മരുന്നിന്റെ ഇൻവോയിസ്, മരുന്ന് ലഭിച്ചതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി തുകയുടെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 34 തീയതി 17-3-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-17 ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നു

മുഴക്കുന്ന് പഞ്ചായത്ത് മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | റിമാർക്സ് |
|---|---|---|---|---|
| വർഗീസ് പി ജെ | 652005998401 | 16-6-18 | 27-6-18 | 11/2018 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| ത്രേസ്യ | 360903553935 | 24-5-18 | 26-6-18 | 7/2018വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.നിലവിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| വർഗീസ് സി ജെ | 654640516606 | 8-5-18 | 6-6-18 | 11/2018 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ക്ലെയിം സസ്പെന്റ് ചെയ്തിട്ടുണ്ട് |
| വെള്ളി എം കെ | 954716855665 | 17-4-18 | 28-4-18 | 11/2018 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ക്ലെയിം സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| ജി | 384779317629 | 15-3-18 | 13-4-18 | 11/2018 വരെയുള്ള മാസങ്ങളിലെ |

| | | | | |
|---|---|---|---|---|
| നാരായണൻ | | | | പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.നിലവിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം നിർവ്വഹിച്ചതായി കാണുന്നില്ല. മരണപ്പെട്ടവരുടെ അക്കൗണ്ട് യഥസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കി സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ശുചിത്വമിഷൻ ഫണ്ട് - വിനിയോഗ രേഖകളുടെ അഭാവത്തിൽ ₹1,50,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്ന് ലഭ്യമായ 150000രൂപ (വൗച്ചർ നമ്പർ 21800407 /19-09-18 ) ₹10000 വീതം 15 വാർഡുകളിലെ ശുചിത്വ പോഷക കമ്മറ്റി കൺവീനർമാർക്ക് നൽകുന്നതിന് വേണ്ടി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. (ചെക്ക്നമ്പർ-013877, 26-02-19) പ്രസ്തുത തുകയുടെ വിനിയോഗ രേഖകളും വരവു ചെലവു സംക്ഷിപ്തവും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/ 19-03-2020) മറുപടി ലഭ്യമാക്കിയില്ല . രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ നൽകിയ ₹150000 തടസ്സപ്പെടുത്തുന്നു . പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 പദ്ധതി രൂപീകരണം,നിർവ്വഹണം ,മോണിറ്ററിംഗ്- രേഖകളുടെ അഭാവത്തിൽ ₹6997 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| | |

| | |
|---|---|
| പ്രോജക്ടുകൾ | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| പ്രോജക്ട് നം | 1/18-19 |
| അടങ്കൽ | ₹ 300000/-<br>വികസന ഫണ്ട്- ₹ 100000<br>തനത് ഫണ്ട് -₹ 200000 |
| ചെലവ് | ₹ 148283<br>വികസന ഫണ്ട്- ₹ 93003<br>തനത് ഫണ്ട് -₹ 55280 |
| ബിൽ നമ്പർ | 1. 7/18-19, 24-07-18 ₹54570<br>2.9/ 18-19,24-12-18 ₹19242<br>3.12/18-19 ,04-02-19 ₹10261<br>4. 8/ 18-19 ,18-12-18 ₹8930<br>5. ചെക്ക് നമ്പർ-1928758, 09-03-19 ₹32305<br>6. ചെക്ക് നമ്പർ-1928759,09-03-19 ₹8981<br>7. ചെക്ക് നമ്പർ - 1928752, ₹13994 , |

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പ്രോജക്ട് പ്രകാരം കേളകം ബ്രദേർസ്സ് ഓഫ് സെറ്റ് പ്രീന്റിംഗ് പ്രസ്സിന് അന്തിമ പദ്ധതി രേഖ, വികസന സെമിനാർ നോട്ടീസുകൾ, പട്ടിക വർഗ്ഗ ഫോറം, ഗ്രാമസഭ കത്ത്, ഊരുകൂട്ട നോട്ടീസ്, 4 പേജുകളുള്ള വ്യക്തിഗത പാഡ് എന്നിവ പ്രിന്റിംഗ് ചെയ്തതിന് ₹ 95805 ഉം ടെണ്ടർ പരസ്യം നൽകിയതിന് ₹ 52478 ഉം , ഉൾപ്പെടെ 148283 രൂപ മേൽ കാണിച്ച ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട് .

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട് .

ചെലവ് പത്രിക പ്രകാരം പ്രസ്തുത പദ്ധതിയിൽ ₹ 155280 ചെലവായിട്ടുണ്ട് [ ₹100000 (വികസന ഫണ്ട്) ₹55280 (തനത് ഫണ്ട്)] എന്നാൽ ₹ 148283 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. ബിൽ നമ്പർ -10/18-19, 27-02-19 ₹6997 പ്രകാരം മാറിയ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 23/18-19, 13-03-20 ) ലഭിച്ച മറുപടിയിൽ പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട് എന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത തുക ഏതാവശ്യത്തിനാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ₹6997 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ് .

# 1-20 ഗ്രന്ഥശാലകൾക്ക് പുസ്തകം വിതരണം ചെയ്തത്

## - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 27/18-19 |
| പ്രോജക്ടിന്റെ പേര് | ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ |
| വകയിരുത്തിയ തുക | ₹50000 |
| ആകെ | ₹50000 |
| ചെലവു തുക | ₹ 50000 |
| ബിൽ നമ്പർ | 5/ 18-19 , 24/12/2018 |

പഞ്ചായത്ത് പരിധിയിലുള്ള 6 അംഗീകൃത ഗ്രന്ഥശാലകൾക്ക് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള വിവിധ സാഹിത്യ മേഖലകളിലുള്ള പുസ്തകങ്ങൾ വാങ്ങി നൽകിയതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി മേൽ കാണിച്ച ബിൽ പ്രകാരം 50,000 രൂപയുടെ പുസ്തകങ്ങൾ കറന്റ് ബുക്സിൽനിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട് . ഫയൽ പരിശോധിച്ചതിൻ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട് .

1. ഗ്രന്ഥശാലകൾക്ക് ആവശ്യമായ പുസ്തകങ്ങൾ നിർണ്ണയിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല . കൂടാതെ ഗ്രന്ഥശാലകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചതിന്റെ രേഖകളില്ല.

2. പദ്ധതി പ്രകാരം 5 ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് എന്നാൽ 6 ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട് (₹8000 *5 ഗ്രന്ഥശാലകൾക്ക്, ₹10000 * 1 ഗ്രന്ഥശാലക്ക് ).

3. പുസ്തകങ്ങൾ വാങ്ങി നൽകിയ 6 ഗ്രന്ഥശാലകളിൽ 2 എണ്ണം കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ ഉള്ളവയാണ് (1 . താഴത്ത് കുഞ്ഞിരാമൻ സ്മാരക വായനശാല & ഗ്രന്ഥാലയം , 2 . നായനാർ കലാ സാംസ്കാരിക കേന്ദ്രം &ഗ്രന്ഥശാല ). ( സ.ഉ(കൈ)നം.11/2018 ത സ്വ ഭ വ ,തീ 29-01-08 ലെ 7.6-11 ,7-6-12)

4. ഗ്രാമ പഞ്ചായത്ത് ക്വട്ടേഷൻ നോട്ടീസ് പ്രകാരം അംഗീകൃത ഗ്രന്ഥശാലകൾക്ക് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള വിവിധ സാഹിത്യ മേഖലകളിലുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. ജനകീയ വായനശാല & ഗ്രന്ഥാലയം ഒഴികെ ബാക്കിയുള്ളവയ്ക്ക് മലയാള ഭാഷയിലുള്ള സാഹിത്യ പുസ്തകങ്ങൾ മാത്രമാണ് വാങ്ങി വിതരണം ചെയ്തിരിക്കുന്നത് . പർച്ചേസിംഗ് കമ്മിറ്റി തീരുമാനത്തിൽ ക്വട്ടേഷൻ നിരക്ക് മാത്രമാണ് പരിഗണിച്ചത് .

5. സ.ഉ(സാധാ)നമ്പർ 3709/2017/ത.സ്വ.ഭ.വ/18-11-17 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ പ്രകാരം പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക്മാർക്കിൽ നിന്നും വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെയാണ് കറന്റ് ബുക്സിൽനിന്നും പുസ്തകങ്ങൾ വാങ്ങിയത്

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/18-19 , 13-03-20) ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ ഉള്ള ഗ്രന്ഥശാലകൾക്ക്

ഫർണ്ണിച്ചർ, കെട്ടിടം എന്നിവ നൽകുന്നതിന് മാത്രമെ മാർഗ്ഗരേഖ പ്രകാരം തടസ്സമുള്ളൂ എന്നും ലൈബ്രേറിയൻമാരിൽ ചിലർ മലയാള ഭാഷയിലുള്ള പുസ്തകങ്ങൾ മാത്രമാണ് തെരഞ്ഞെടുത്തതെന്നും, മുൻവർഷങ്ങളിൽ ഇതേ വായനശാലകൾക്ക് ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയതിനാൽ ആവർത്തനം ഒഴിവാക്കുന്നതിനും, സെക്രട്ടറിമാർ വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് കറന്റ് ബുക്സിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ അറിയിച്ചിരിക്കുന്നത് . അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ സ്ഥാപനം കൂടിയായ ബുക്ക്മാർക്കിന് പ്രോത്സാഹനം നൽകുക എന്ന ഉദ്ദേശത്തിലാണ് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 എസ് എസ് എ വിഹിതം അടക്കൽ - ഇനംതിരിച്ചുള്ള വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 19/18-19 |
| പ്രോജക്ടിന്റെ പേര് | എസ് എസ് എ വിഹിതം അടക്കൽ |
| വകയിരുത്തിയ തുക | ₹2,00,000 |
| ആകെ | ₹2,00,000 |
| ചെലവു തുക | ₹ 2,00,000 |
| ബിൽ നമ്പർ | 1 / 18-19 , 03 /08/2018 ₹ 2,00,000 |

എസ്.എസ്.എ പ്രോജക്ട് ഡയറക്ടറുടെ അക്കൗണ്ടിലേക്കാണ് മേൽ ബിൽ പ്രകാരം മാറിയ തുക നൽകിയിരിക്കുന്നത് . പദ്ധതി പ്രകാരം ലഭിച്ച തുക വിനിയോഗിച്ചതായി ജില്ലാ പ്രോജക്ട് ഓഫീസറുടെ  വിനിയോഗ സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആന്വൽ വർക്ക് പ്ലാൻ & ബജറ്റ് അനുസരിച്ചുള്ള ഏതൊക്കെ പ്രവൃത്തികൾക്കാണ് ₹200000 വിനിയോഗിച്ചിട്ടുള്ളത് എന്ന വിശദവിവരം ലഭ്യമാക്കിയിട്ടില്ല. ഇനംതിരിച്ചുള്ള വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/18-19 ,13-03-20 ) ലഭിച്ച മറുപടിയിൽ ഇനം തിരിച്ചുള്ള വിനിയോഗ പത്രം ലഭ്യമാക്കുന്ന മുറക്ക് ഹാജരാക്കുന്നതായി

അറിയിച്ചിട്ടുണ്ട് . ഇനം തിരിച്ചുള്ള വിനിയോഗ പത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ് .

## 1-22 സമഗ്ര വിദ്യാഭ്യാസ പദ്ധതി - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല - ചെലവ് തുക 19000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 20/18-19 |
| പ്രോജക്ടിന്റെ പേര് | സമഗ്ര വിദ്യാഭ്യാസം |
| വകയിരുത്തിയ തുക | ₹2,00,000 |
| ആകെ | ₹2,00,000 |
| ചെലവു തുക | ₹ 1 ,81,680 |
| ബിൽ നമ്പർ | 1) 3 / 18-19 , 24/12/2018 ₹74880<br>2) 11/ 18-19 ,08-02-19 ₹ 24960<br>3 ) 17/18-19 ,19-03-19 ₹ 81840 |

സ്കൂളിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ എന്ന പദ്ധതിപ്രകാരം മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പഠനം നൽകുന്നതിനും, പത്ര പാരായണ ശീലം വളർത്തൽ, ക്ലാസ്സ് റൂം ലൈബ്രറി ശക്തിപ്പെടുത്തൽ, വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്കാണ് തുക വകയിരുത്തിയത് . 19000 രൂപ യുടെ ബുക്കുകളും , കൂടാളി പ്രവീൺ എന്റർപ്രൈസസ്സിൽ നിന്നും വാങ്ങിയ 39560 /-രൂപയുടെ 4 അലമാറകൾ (@9896*4) 2 വീതം ഗവ .യു പി എസ് മുഴക്കുന്ന, ഗവ .യു പി എസ്, വിളക്കോട് എന്നീ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ക്രമ നമ്പർ 3 പ്രകാരം മാറിയ ബില്ലിൽ 19000 രൂപ യുടെ ബുക്കുകൾ കറണ്ട് ബുക്സിൽ നിന്നും വാങ്ങിയാണ് സ്കൂളുകൾക്ക് വിതരണം ചെയ്തിരിക്കുന്നത് .

1. സ.ഉ(സാധാ)നമ്പർ 3709/2017/ത.സ്വ.ഭ.വ/18-11-17പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ പ്രകാരം പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക്മാർക്കിൽ നിന്നും വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ കറന്റ് ബുക്സിൽനിന്നും പുസ്തകങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/18-19/13-03-20) ലഭിച്ച മറുപടിയിൽ ബുക്ക്മാർക്കിൽ വിവിധ സാഹിത്യ മേഖലകളിലെ പുസ്തങ്ങൾ ആവശ്യത്തിന് ഇല്ലാത്തതിനാലും, എസ് എസ് എ വർഷങ്ങളായി ബുക്ക്മാർക്കിൽ നിന്നും പുസ്തകം വാങ്ങി വിദ്യാലയങ്ങൾക്ക് വിതരണം ചെയ്തതിനാലും ആവർത്തനം ഒഴിവാക്കുന്നതിനും വേണ്ടിയാണ് കറന്റ് ബുക്സിൽ നിന്നും വാങ്ങിയതെന്നുമാണ് അറിയിച്ചിരിക്കുന്നത് .

സർക്കാർ സ്ഥാപനം കൂടിയായ ബുക്ക് മാർക്കിന്റെ ഉന്നമനം ലക്ഷ്യംവെച്ചാണ് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ ചെലവ് തുകയായ 19000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രോജക്റ്റ് നം | 04 /18-19 |
| അടങ്കൽ | വികസന ഫണ്ട്- ₹625000<br>ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്- ₹625000 |
| ആകെ | ₹ 1300000 |
| ചെലവ് | വികസന ഫണ്ട്- ₹625000 |
| ബിൽ നമ്പർ | പി 1/18-19,24-12-18 ₹625000 |

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ₹625000 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ( നമ്പർ-71901140000000) നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 4-6 മാസം പ്രായമുള്ള കന്നുകുട്ടികളുള്ള 52 ഗുണഭോക്താക്കൾക്ക് (₹52*₹ 12500) 30 മാസം തികയുന്നത് വരെയോ സബ്സിഡി തുക തീരുന്നത് വരെയോ (ഏതാണോ ആദ്യം) കാലിതീറ്റ വിതരണം ചെയ്യുന്നതിനാണ് തുക വകയിരുത്തിയത്. ഗ്രാമ പഞ്ചായത്തിന്റെ 26-10-18 ലെ 225/18 തീരുമാന പ്രകാരം എടത്തൊട്ടി ക്ഷീരോൽപാദക സഹകരണ സംഘത്തെയാണ് കാലിത്തീറ്റ സംഭരിച്ച് വിതരണം ചെയ്യുവാൻ തെരഞ്ഞെടുത്തിരിക്കുന്നത്. കാലിത്തീറ്റ വിതരണ രജിസ്റ്റർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/13-03-20) വിനിയോഗ വിവരം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കളും പദ്ധതി കാലയളവിൽ തുടരുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. എൻറോൾ ചെയ്ത ഗുണഭോക്താക്കൾ പദ്ധതി വിട്ട്പോയിട്ടുണ്ടെങ്കിൽ എസ്.എൽ.ബി.പി യിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ് .

## 1-24 കുടിവെള്ള വിതരണം നടത്തിയത്- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല - കേന്ദ്ര സർക്കാരിന് 1992/- രൂപയുടെ നഷ്ടം

വൗച്ചർ നമ്പർ- 21800242 / 17-07-18 - ₹ 1,99,200 ( ചെക്ക് നമ്പർ- 013922 ,17-07-18 )

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം നടത്തിയതിനുള്ള തുകയാണ് മേൽ കാണിച്ച വൗച്ചർ പ്രകാരം അനുവദിച്ചിട്ടുള്ളത്. 4 ക്വട്ടേഷനുകൾ ലഭിച്ചതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ശ്രീ. പ്രശോഭ് സി, പത്മാലയം എന്നവരുടെ ഒരു വണ്ടിക്ക് 4150 രൂപ നിരക്കിൽ പ്രതിദിനം 2 ട്രിപ്പുകളിലായി 50000 ലിറ്റർ വെള്ളം വിതരണം ചെയ്യുന്നതിന് ലഭിച്ച ക്വട്ടേഷനാണ് ഭരണസമിതിയുടെ 28 -04-18 ലെ 1/106/2018 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിരിക്കുന്നത് . 2-05-18 മുതൽ 21-05-18 വരെ 20 ദിവസം 2 വണ്ടിയിലും , 22-05-18 മുതൽ 29-05-18 വരെ 8 ദിവസം മറ്റൊരു വണ്ടിയിലുമായി കുടിവെള്ള വിതരണം നടത്തിയ വകയിൽ ആകെ ₹ 199200 കരാറുകാരന് നൽകിയിട്ടുണ്ട് . കുടിവെള്ളം വിതരണം നടത്തിയതിന് കരാറുകാരനു നൽകിയ തുകയിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. (ആദായ നികുതി നിയമം വകുപ്പ് 194 സി പ്രകാരം ) . ആയത് ഈടാക്കി ആദായനികുതി വകുപ്പിലേക്ക് അടവാക്കിയിട്ടില്ല.

കരാറുകാരന് അനുവദിച്ച തുകയിൽ നിന്നും 1% (₹199200*1%) ആദായ നികുതി ഈടാക്കി അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് .

# 1-25 കുരുമുളക് തൈ വിതരണ പദ്ധതി:- വിശദീകരണത്തിന്റെ അഭാവത്തിൽ ₹167160 തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 45/18-19 |
| പ്രോജക്ടിന്റെ പേര് | കുരുമുളക് തൈ വിതരണം |
| അടങ്കൽ | വികസന ഫണ്ട് - ₹167160 |
| ആകെ | ₹167160 |
| ചെലവ് തുക | ₹167160 |
| ബിൽ നമ്പർ | 4/18-19 ,12-12-18 ₹167160 |

പഞ്ചായത്തിലെ കർഷകർക്ക് കുരുമുളക് തൈകൾ 100% സബ്സിഡി നിരക്കിൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ആറളം ഫാർമിങ് കോർപ്പറേഷൻ എന്ന അംഗീകൃത സ്ഥാപനത്തിൽ നിന്നും കുരുമുളക് തൈകൾ തൈ ഒന്നിന് 12 രൂപ നിരക്കിൽ 13930 തൈകൾ കൃഷി ഓഫീസർ വാങ്ങിയിട്ടുണ്ട് (ക്യാഷ് ബിൽ നം 62തീ- 13.11.2018 പ്രകാരം 5500 എണ്ണം , ക്യാഷ് ബിൽ നം 9തീ- 10.7.2018 പ്രകാരം 8430 എണ്ണവും ) .

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു .

1. പ്രോജക്ടിൽ ഒരാൾക്ക് എത്ര വീതം തൈകൾ വിതരണം ചെയ്യണമെന്ന് പറയുന്നില്ല .

2. ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 243 ഗുണഭോക്താക്കളാണ് ഉള്ളത് .എന്നാൽ 346 പേർക്ക് വിതരണം ചെയ്തിട്ടുണ്ട് .

3. ക്യാഷ് ബിൽ നം 62തീ- 13.11.2018, പ്രകാരം വാങ്ങിയ 5500 തൈകൾ 150 പേർക്കും ( 37 തൈകൾ വീതം 100 പേർക്ക് , 36 തൈകൾ വീതം 50 പേർക്ക് ) , ക്യാഷ് ബിൽ നം 9തീ- 10.7.2018 പ്രകാരം വാങ്ങിയ 8430 തൈകൾ 196 പേർക്കും ( 41 പേർക്ക് 40 തൈകൾ വീതം , 71 പേർക്ക് 43 തൈകൾ വീതം , 84 പേർക്ക് 44 വള്ളി വീതം ) വിതരണം ചെയ്തിരിക്കുന്നു. 13930 തൈകൾ വാങ്ങിയതിൽ 13889 കുരുമുളക് തൈകൾ മാത്രമാണ് വിതരണം ചെയ്തത് . ബാക്കി വന്ന 41 തൈകളുടെ വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല .

4. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തൈകൾ വിതരണം ചെയ്തിരിക്കുന്നു .

| വിതരണ രജിസ്റ്ററിലെ ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | വിതരണം ചെയ്ത തൈകളുടെ എണ്ണം |
|---|---|---|---|
| 83 | വി.വി ഭാസ്കരൻ | 1 | 44 |
| 75 | സുരേഷ് ബാബു | 12 | 40 |
| 89 | സതി .ടി.കെ | 14 | 40 |
| 68 | ഗീത .എ | 8 | 40 |

5. കാർഷിക വിളകളുടെ തൈകൾ തികച്ചും സൗജന്യമായി ആണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നത് . ആയതിനാൽ തന്നെ പദ്ധതിയുടെ ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഇവ കൃഷി ചെയ്തോ എന്നും മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് പ്രോജക്ടുകൾ വിലയിരുത്തുന്നില്ല .

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 27/17-03-20 ) ക്ക് മറുപടി ലഭ്യമാക്കിയില്ല . വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവു തുകയായ 167160 രൂപ തടസ്സപ്പെടുത്തുന്നു . അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വിശദീകരണം/ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

# 1-26 തരിശു നിലം കൃഷിയോഗ്യമാക്കൽ - രേഖകളുടെ അഭാവത്തിൽ ₹40000 തടസ്സപ്പെടുത്തുന്നു .

| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
|---|---|
| | |

| | |
|---|---|
| പ്രോജക്ട് നമ്പർ | 50 /18 -19 |
| പ്രോജക്ടിന്റെ പേര് | തരിശു നിലം കൃഷിയോഗ്യമാക്കൽ |
| അടങ്കൽ | ₹ 300000 വികസന ഫണ്ട് |
| | ₹ 300000 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ |
| ആകെ | ₹ 600000 |
| ചെലവ് തുക | ₹ 40000 വികസന ഫണ്ട്<br>ബിൽ നമ്പർ-11/18-19, 25-03-19 ₹ 40000 |
| ആകെ | ₹ 40000 |

10 ഹെക്ടർ തരിശു നിലം വനിത ജെ എൽ ജി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കൃഷിയോഗ്യമാക്കി തരിശ് രഹിത പഞ്ചായത്ത് ആക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്ത 3 വനിതാ ജെ എൽ ജി ഗ്രൂപ്പുകൾക്കാണ് സബ്സിഡി തുക നൽകിയിട്ടുള്ളത്. മേൽ പറഞ്ഞ ബില്ലിനോടൊപ്പം ഹാജരാക്കിയ സബ്സിഡി സ്റ്റേറ്റ്മെന്റിൽ 3 വനിതാ ജെ എൽ ജി ഗ്രൂപ്പുകളുടെ ഭൂവിസ്തൃതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയതല്ലാതെ അവ സാധൂകരിക്കുന്നതിനാവശ്യമായ അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ജെ എൽ ജി ഗ്രൂപ്പുകളുടെ പേര് | വാർഡ് നമ്പർ | സ്ഥല വിസ്തൃതി (ഹെക്ടർ) | സർവ്വേ നമ്പർ | ആകെ ചെലവ് | സബ്സിഡി തുക അനുവദിച്ചത് |
|---|---|---|---|---|---|
| സെക്രട്ടറി സജിത അനൂപ്<br>ദീപം ജെ എൽ ജി ഗ്രൂപ്പ് | 7 | 0.6 | 154/1 , 80/2 | ₹ 45000 | 15000 |
| പ്രസിഡന്റ് ജയലക്ഷ്മി<br>അനശ്വര ജെ എൽ ജി ഗ്രൂപ്പ് | 7 | 0.8 | 96/2,96/3,92/1 A2 ,76 , 92/1A2 , 120/1 , 76/10 ,86/101 | ₹ 50000 | 20000 |
| സെക്രട്ടറി ലിസമ്മ.പി.വി | 7 | 0.2 | 136/6 , 82/3 ,102/2 | ₹ 15000 | 5000 |
| ആകെ | | | | | 40000 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. തരിശ്ശ നിലത്തിന്റെ വിസ്തൃതി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ, നിലം കൃഷിയോഗ്യമാക്കി മാറ്റുന്നിനു വേണ്ടി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ , എന്നിവ ലഭ്യമാക്കിയില്ല.

2. പ്രാഥമികമായി ഭൂമി ഒരുക്കിയത് എപ്രകാരമാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല . ( യന്ത്രങ്ങൾ ഉപയോഗിച്ചത് , വാടക നിശ്ചയിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല )

3. നിർദ്ദിഷ്ട പ്രദേശം , കൃഷിയോഗ്യമായ തരിശ് ആയിരുന്നെന്നും പച്ചക്കറികൃഷിക്ക് അനുയോജ്യമാണെന്നും കാണിക്കുന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയില്ല

4. പ്രാഥമികമായി നിലം ഒരുക്കൽ മാത്രമാണോ നടന്നത് അല്ലെങ്കിൽ കൃഷി ചെയ്തിട്ടുണ്ടോ എന്നും വ്യക്തമല്ല .

5. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ പാട്ടകൃഷി വ്യവസ്ഥയിലാണോ കൃഷി ചെയ്തത് എന്ന് വ്യക്തമല്ല. പാട്ടകരാർ വ്യവസ്ഥയിലാണെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം, ഉടമസ്ഥാവകാശം തെളിയിക്കുന്ന കരം ഒടുക്കിയ രേഖകളും ഹാജരാക്കിയിട്ടില്ല. കൃഷിക്കാരും ഭൂവുടമസ്ഥനും ചേർന്ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6. പ്രോജക്ട് നടപ്പിലാക്കിയത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ ഗുണം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ( സ.ഉ.( കൈ) നം 11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018 പദ്ധതി മാർഗ രേഖ ഖ. 6-3-(10)(iii)).

7.പദ്ധതിയിൽ എത്ര ഗ്രൂപ്പുകൾക്ക് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത് എന്ന വിവരം ഉൾപ്പെടുത്തിയിട്ടില്ല .

8. പദ്ധതിക്കായി 6 ലക്ഷം വകയിരുത്തിയതിൽ കേവലം ₹40000 ചെലവഴിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 28/17-03-20 ) മറുപടി ലഭ്യമാക്കിയില്ല . രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ₹40000 തടസ്സപ്പെടുത്തുന്നു . രേഖകൾ / വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ് .

# 1-27 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല

2018-19 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിലായി പ്രതിമാസം ₹ 11464 രൂപ ചെലവ് വരുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ കെ എസ് ഇ ബി നൽകുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിലുള്ള തുക ഒടുക്കുകയാണ് ചെയ്യുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനം കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29 / 17-03-20) 2018-19 വർഷം സംയുക്ത പരിശോധന

നടത്തുവാൻ സാധിച്ചിട്ടില്ല എന്നും സംയുക്ത പരിശോധന നടത്തുവാൻ കെ എസ് ഇ ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കത്തുന്ന തെരുവ് വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

# 1-28 മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം- നടപടിക്രമങ്ങൾ പാലിക്കാത്തതും പിഴ ഈടാക്കാത്തതും സംബന്ധിച്ച്-

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | പ്രവൃത്തിയുടെ വിശദവിവരം | കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതി | പ്രവൃത്തി പൂർത്തിയായി അളവ് എടുത്ത തീയതി |
|---|---|---|---|---|
| 1 | ബിജു.എം. | മുഴക്കുന്ന് PHC -അറ്റകുറ്റപ്പണി (പ്രോ.നം.139/2019)<br>കരാർ തുക: 1,00,000<br>കരാർ തീയതി: 30.11.2017<br>പ്രവൃത്തി മൂല്യം:91414/-<br>ബിൽ നം.45/27-2-2019 | 28.02.2018 | 7.11.2018 |
| 2 | സിജു.എം. | പുറക്കളം-നെയ്യളം റോഡ് അഭിവൃദ്ധിപ്പെടുത്തൽ(പ്രോ.നം.132/19)<br>കരാർ തുക:200000/-<br>കരാർ തീയതി.-24.01.2017<br>പ്രവൃത്തിമൂല്യം:193648/-<br>ബിൽ.നം.19/30.11.2018 | 23.07.2017 | 19.05.2018 |
| 3 | ശശികുമാർ.എം.എം. | നല്ലൂർ പള്ളി-കുളിക്കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ- പ്രോ.നം.127/19)<br>കരാർ തുക:400000/- | 2.3.2018 | 31.03.2018 |

| | | | | |
|---|---|---|---|---|
| | | കരാർ തീയതി.-1.12.2017<br>പ്രവൃത്തിമൂല്യം: 349116<br>ബിൽ.നം.1/23.05.2018 | | |
| 4 | സിജു.എം. | മുടക്കോഴി കുടിവെള്ള പദ്ധതി(പ്രോ. നം.142/19)<br>കരാർ തുക: 150000/-<br>കരാർ തീയതി.-1.12.2017<br>പ്രവൃത്തിമൂല്യം: 142803<br>ബിൽ.നം.1/28.03.2019 | 2.3.18 | 25.03.2019 |

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കരാർ കാലാവധി അവസാനിക്കുന്നതിനു മുൻപ്, കാലയളവ് ദീർഘിപ്പിക്കുന്നതിനു വേണ്ടി, കരാറുകാരൻ അപേക്ഷ നൽകുകയോ പഞ്ചായത്ത് ഭരണസമിതി കാലപരിധി ദീർഘിപ്പിക്കാൻ അനുവദിച്ചുകൊണ്ടുള്ള തീരുമാനം കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. ഇപ്രകാരം പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന കാലയളവ് ആകെ കരാർ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല എന്നും ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പക്ഷം അത്തരം പ്രവൃത്തികൾ ആധികാരികമല്ല എന്നും പൊതുമരാമത്ത് മാന്വൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മുകളിൽ പരാമർശിച്ചവയിൽ അത്തരം പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. പൊതുമരാമത്ത് മാന്വൽ ഖ:2112 പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല.

കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലെ വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും കരാറുകാരനിൽ നിന്ന് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്.

## 1-29 ഗുണഭോക്തൃ സമിതി നിർവഹിച്ച പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച്.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് പ്രകാരം ജി.യു.പി.എസ്.മുഴക്കുന്ന് ക്ലാസ് മുറി നിർമിക്കുന്നതിന് വേണ്ടി 13,00,000/- രൂപക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഹെഡ് മിസ്ട്രസ് ശ്രീമതി.സനില.വി. കൺവീനറായുള്ള ഗുണഭോക്തൃ കമ്മറ്റിയെ പ്രവൃത്തി ഏല്പിക്കുകയും ചെയ്തു. ബിൽ നം.57/15.3.2019 പ്രകാരം പാർട്ട് ബിൽ (664710/-(G), 545727 (N)) ആയി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ സമിതിയുടെ മിനുട്സ്, ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, വൗച്ചറുകൾ, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-30 ഇ-ടെൻഡർ- ടെൻഡർ ഫീസ് തിരികെ

ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തവർഷം ഇ-ടെൻഡർ മുഖേന ടെൻഡർ ചെയ്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫോമുകളുടെ വില കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തത്. എന്നാൽ ഇത്തരത്തിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടില്ല. നാളിതുവരെ ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക കണക്കാക്കി തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതു സംബന്ധിച്ച്

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പ്ലാൻ അനിവാര്യമാണെന്നും പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നത് ഈ പ്ലാനിന്റെ അടിസ്ഥാനത്തിലാവണമെന്നും മാർഗരേഖ നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. റോഡ് പ്രവൃത്തികളുടെ ശാസ്ത്രീയമായ നിർവ്വഹണം നടത്തുന്നതിന് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-32 റോഡ് ടാറിങ്ങ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.02.18 ലെ ഡി ബി3/4620/12/സി ഇ നമ്പർ സർക്കുലറിൽ 2018-19 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിലും ഷ്രഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിക്കാണുന്നില്ല. സർക്കാർ നിർദ്ദേശം പാലിച്ചു കൊണ്ട് ടാറിങ്ങ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-33 നിർമാണ തൊഴിലാളി ക്ഷേമനിധി-കലക്ഷൻ ചാർജ് ഈടാക്കാത്തതു സംബന്ധിച്ച്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. മരാമത്ത്

പ്രവൃത്തികളുടെ ബില്ലിൽ നിന്നും 1% നിരക്കിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് തുക ഈടാക്കിയിട്ടുണ്ടെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അർഹതപ്പെട്ട (ക്ഷേമനിധി തുകയുടെ 1% നിരക്കിലുള്ള) കലക്ഷൻ ചാർജ് ഈടാക്കാൻ നടപടി സ്വീകരിച്ച കാണുന്നില്ല. ഭാവിയിൽ പ്രവൃത്തി ബില്ലുകളിൽ നിന്നും കലക്ഷൻ ചാർജ് ഈടാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

# 1-34 റോഡ് കോൺക്രീറ്റ് പ്രവൃത്തി- കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയതിലെ പിഴവ്- കരാറുകാരന് അധിക തുക അനുവദിച്ചു.

പ്രവൃത്തിയുടെ പേര് : പാല-കരളം റോഡ് കോൺക്രീറ്റ്

പ്രോജക്ട് നമ്പർ ; 99/2019

എസ്റ്റിമേറ്റ് തുക : 1,00,000/-

കരാറുകാരന്റെ പേര് : സുകുമാരൻ.പി.പി. (എസ്റ്റിമേറ്റ് നിരക്ക്)

ആകെ പ്രവൃത്തി മൂല്യം : 99925

ബിൽ നം. : 17/22.11.2018

എം.ബുക്ക് നം. :56/2017-18

1) മേൽ പ്രവൃത്തിയിലെ 2ാമത്തെ ഇനമായ " providing concrete for plain reinforced concrete in open foundations complete as per drawings and technical specifications – clause pecifications -802,803,1202 &1203 എന്ന ഇനത്തിന്റെ (ഒബ്സർവ്ഡ് ഡാറ്റ No.280479/2017-18) നിരക്ക് കരാറുകാരന്റെ ലാഭം, ഓവർ ഹെഡ് ചാർജ് ഇവ ഉൾപ്പെടെ 4374/- രൂപയാണ്. ഈ തുകയുടെ 38.24 % കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയിരിക്കുന്നത് 1742.31 രൂപയായാണ്. ആയത് 1672.61 രൂപ മാത്രമേ വരുന്നുള്ളൂ. കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടെയുള്ള ആകെ നിരക്ക് 6046.61 രൂപ (4374+1672.61) നിരക്കിൽ തുക കണക്കാക്കേണ്ടതിനു പകരം, 6116.32 രൂപ നിരക്കിൽ 7.250 എം.ക്യൂബ് പ്രവൃത്തിയുടെ തുക കണക്കാക്കിയതിൽ 505.04/-(44343.32- 43837.92 ) അധികമായി കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

2) പ്രവൃത്തിയിലെ 3ാമത്തെ ഇനമായ "providing concrete for plain/reinforced concrette in open foundation complete as per drawings and technical specifications -clause 802,803,1202 &1203 (ഒബ്സർവ്ഡ് ഡാറ്റ No.280480/2017-18 )എന്ന ഇനത്തിന്റെ നിരക്ക് ,കരാറുകാരന്റെ ലാഭം, ഓവർ ഹെഡ് ചാർജ് ഇവ ഉൾപ്പെടെ 5267.39 രൂപയാണ്. ഈ തുകയുടെ 38.24 % കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയിരിക്കുന്നത് 2098.18 രൂപയായാണ്. ആയത് 2014.25 രൂപ മാത്രമേ വരുന്നുള്ളൂ. കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടെയുള്ള ആകെ നിരക്ക് 7281.64 രൂപ (5267.39+2014.25) നിരക്കിൽ തുക കണക്കാക്കേണ്ടതിനു പകരം, 7365.57 രൂപ നിരക്കിൽ 5.438 എം.ക്യൂബ് പ്രവൃത്തിയുടെ തുക കണക്കാക്കിയതിൽ 456.41 (40053.97-39597.55 ) രൂപ അധികമായി കരാറുകാരന് അനുവദിച്ചിട്ടുണ്ട്. (ആകെ.962 രൂപ)

കോൺക്രീറ്റ് പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/13.03.2020) നൽകിയ മറുപടി തൃപ്തികരമല്ല. സോഫ്റ്റ് വെയർ പ്രകാരം ലഭ്യമായ ഡാറ്റയുടെ ഗണിതശാസ്ത്രപരമായ കൃത്യത ഉറപ്പുവരുത്താതെ തുക നൽകിയത് ശരിയായ നടപടിയല്ല. അധികമായി അനുവദിച്ച 962/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

# 1-35 ലൈഫ് ഭവനപദ്ധതി(ജനറൽ)- വീടുകളുടെ നിർമാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതി (ജനറൽ) രണ്ടാം ഘട്ടം -(പ്രോ. നം.89/19) ൻ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട് ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട 86 ഗുണഭോക്താക്കളിൽ താഴെ പറയുന്ന ആളുകൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു കൈപ്പറ്റിയ തീയതി | ഇതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | കുറ്റ്യൻ ശ്രീമതി | 20.07.2018 | 360000 |
| 2 | നിഷ.കെ.പി. | 20.07.2018 | 300000 |
| 3 | കാർത്യായനി കൊല്ലറോൻ | 20.07.2018 | 360000 |
| 4 | സുനിത w/o ഷാജി | 20.07.2018 | 360000 |
| 5 | സരോജിനി.പി.ജി | 25.07.2018 | 360000 |
| 6 | ജിജി.ബി | 25.07.2018 | 360000 |
| 7 | പുഷ്പവല്ലി | 25.07.2018 | 300000 |
| 8 | നിന്ദുഷ | 25.07.2018 | 200000 |
| 9 | ശാന്ത.എം.എം | 25.07.2018 | 360000 |
| 10 | റീതി w/o റെന്നി വർഗീസ് | 27.10.2018 | 300000 |
| 11 | ശ്യാമള.കെ | 27.10.2018 | 300000 |
| 12 | ഹർഷ.കെ.കെ | 27.10.2018 | 300000 |
| 13 | ജയ.പി. w/o ഉത്തമൻ | 27.10.2018 | 360000 |
| 14 | ദീപ.പി.പി | 27.10.2018 | 300000 |
| 15 | രമ്യ.എൻ | 27.10.2018 | 300000 |
| 16 | വിജയ w/o രവീന്ദ്രൻ | 27.10.2018 | 300000 |
| 17 | ശീതള.കെ. | 27.10.2018 | 300000 |
| | | | |

| | | | |
|---|---|---|---|
| 18 | വിജി.കെ | 27.10.2018 | 200000 |
| ~~19~~ | ~~ബിന്ദു.പി~~ | ~~27.10.2018~~ | ~~300000~~ |
| 20 | മാധവി.പി | 27.10.2018 | 300000 |
| 21 | ശൈലജാ ബീവി.ടി.എം. | 27.10.2018 | 300000 |
| 22 | സാബു ജോർജ് | 27.10.2018 | 300000 |
| 23 | റസിയ.യു.കെ | 27.10.2018 | 300000 |
| 24 | രഞ്ജന.സി.കെ | 27.10.2018 | 300000 |
| 25 | ഓമന.കെ | 27.10.2018 | 300000 |
| 26 | ഷീജ.കെ.പി | 27.10.2018 | 300000 |
| 27 | പ്രിയ.സി | 27.10.2018 | 300000 |
| 28 | സിജിന.ടി.പി | 27.10.2018 | 300000 |
| 29 | വനജ.പി. | 27.10.2018 | 300000 |
| 30 | ജോസഫ് വെള്ളാട് | 27.10.2018 | 300000 |
| 31 | അജ്ന.w/o സുഭാഷ് | 27.10.2018 | 300000 |
| 32 | രശ്മി.എൻ | 27.10.2018 | 300000 |
| 33 | ലൈല.സി.എച്ച് | 25.02.2019 | 300000 |
| 34 | ഷീജ ബാബു.ടി.കെ | 25.02.2019 | 300000 |
| 35 | കലാരജനി w/o രതീഷ് | 25.02.2019 | 300000 |

ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി ഒപ്പിട്ട എഗ്രിമെന്റ് പ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനകം ഭവനനിർമാണം നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം പൂർത്തീകരിക്കാൻ ഗുണഭോക്താക്കൾ ബാധ്യസ്ഥരാണ്. ആദ്യഗഡു കൈപ്പറ്റി 20 മാസങ്ങൾ പിന്നിട്ട ശേഷവും ഭവന നിർമാണം പൂർത്തീകരിക്കാത്ത കേസുകൾ ഉൾപ്പെടെ ഉള്ളതായി കാണുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി ആകെ ഗുണഭോക്താക്കളിൽ 75 പേർ ഭവനനിർമാണം നിശ്ചിത മാനദണ്ഡമനുസരിച്ച് ഇതിനകം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും അവസാനഗഡു നൽകാനുള്ള നടപടികൾ അവസാനഘട്ടത്തിലാണെന്നും അറിയിക്കുകയുണ്ടായി. 9 പേരുടെ വീടുകൾ മേൽക്കൂര വരെയും ഒരു ഗുണഭോക്താവിന്റെ കാര്യത്തിൽ ലിന്റൽ ലെവൽ വരെയും പണി പൂർത്തിയാക്കിയതായി അറിയിക്കുകയുണ്ടായി. വിജി.കെ. എന്ന ഗുണഭോക്താവ് തറയുടെ പണി

പൂർത്തീകരിച്ചതിനെ തുടർന്ന് ഒരു പ്രവൃത്തിയും നടത്തിയിട്ടില്ല എന്നും ആയതിനാൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾക്കായി ഭരണസമിതിക്ക് കത്ത് നൽകിയതായും ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.25/17.03.2020) മറുപടിയായി നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ. അറിയിക്കുകയുണ്ടായി.

സംസ്ഥാന സർക്കാർ ഏറെ പ്രാധാന്യത്തോടെ കണ്ട് നടപ്പിലാക്കുന്ന ഈ പ്രോജക്ട് പ്രകാരമുള്ള ഭവന നിർമ്മാണങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ കാലതാമസമില്ലാതെ പൂർത്തീകരിക്കുന്ന കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ശ്രദ്ധ ഉണ്ടാവേണ്ടതാണ്. വീടുകളുടെ പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-36 തൊഴിലുറപ്പു പദ്ധതി നടത്തിപ്പ് സംബന്ധിച്ച്

420 പ്രവൃത്തികളിലായി 278300 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള 2018-19 വർഷത്തെ ലേബർബജറ്റും ആക്ഷൻ പ്ലാനുമാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത്.(നം .165/20 17 തീ :24 .11.2017) പദ്ധതി അടങ്കൽ നിശ്ചയിച്ചത് താഴെ പറയും പ്രകാരമായിരുന്നു.

വേതന ഘടകം - 7180 1400

സാധന ഘടകം - 57068675

ഭരണ ചെലവ് - <u>247500</u>

ആകെ 1291175 75

278300 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് തൻവർഷം ലക്ഷ്യമിട്ടത്. എന്നാൽ തൻവർഷം ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം 44357 മാത്രമാണ്. രജിസ്റ്റർ ചെയ്ത 3155 കുടുംബങ്ങളിൽ 1044 പേർക്കാണ് തൊഴിൽ ലഭ്യമാക്കിയിട്ടുള്ളത്. 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണം 62 മാത്രമാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണത്തിലും 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ കാര്യത്തിലും മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രകടനം താരതമ്യേന പിറകിലാണ്.

തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ ആസ്തി നിർമാണപ്രവൃത്തികൾക്ക് പ്രാമുഖ്യം നൽകണമെന്നും 40% എങ്കിലും മെറ്റീരിയൽ ഉപയോഗം ആയിരിക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആക്ഷൻ പ്ലാൻ പ്രകാരം പകുതിയോളം പ്രവൃത്തികൾ സാധനഘടകങ്ങൾ ഉൾക്കൊള്ളുന്നവയായാണ് നിർദ്ദേശിക്കപ്പെട്ടതെങ്കിലും നാമമാത്രമായ പ്രവൃത്തികൾ മാത്രമാണ് സാധന ഘടകങ്ങൾ ഉപയോഗിച്ച നിർവഹിക്കപ്പെട്ടിട്ടുള്ളത്.

2018-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി രണ്ട് കോൺക്രീറ്റ് റോഡുകളുടെ നിർമാണം നടന്നിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ സാധനഘടകങ്ങൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് പൊതുമരാമത്ത് പ്രവൃത്തി ഏറ്റെടുക്കുന്ന കോൺട്രാക്ടർമാരെ ഏൽപ്പിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു. .

1. പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ തന്നെയാണ് ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളത് . കരാറുകാർ, പ്രവൃത്തികൾക്കാവശ്യമുള്ള മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത വിതരണക്കാരല്ല എന്നിരിക്കെ ഒരു ഇടനിലക്കാരന്റെ റോൾ മാത്രമാണ് നിർവ്വഹിക്കുന്നത് . മറ്റു വിതരണക്കാരിൽ നിന്നും സാധനസാമഗ്രികൾ വാങ്ങി സൈറ്റിലെത്തിക്കുകയാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്. ഇത് അംഗീകൃത ഡീലർമാരുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കുന്നു. ഇതിന്റെ ഭാഗമായി അധികച്ചലവ് വരാനിടയുള്ള സാധ്യത പരിശോധിക്കപ്പെട്ടിട്ടില്ല.

2. കരാറുകാരന് സെലക്ഷൻ നോട്ടിസ് അയച്ചതിന്റെയും വർക്ക് ഓർഡർ നൽകിയതിന്റെയും വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. വാങ്ങിയ സാധനങ്ങളുടെ സാധുവായ (ജി.എസ്.ടി ഉൾപ്പെടെ കാണിക്കുന്ന) ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല.

4.പ്രവൃത്തി നടത്തിയതിന്റെ ഭാഗമായി ആസ്തികളിൽ ഉണ്ടായിട്ടുള്ള മൂല്യവർദ്ധന, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. പുഴക്കര-സി.എച്ച് റോഡ് പ്രവൃത്തിയുടെ ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എല്ലാ സൈറ്റുകളുടെയും പ്രവൃത്തി തുടങ്ങുന്നതിനു മുൻപും പൂർത്തിയായതിനു ശേഷവുമുള്ള ഫോട്ടോകൾ ഫയലുകളിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.
തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന മെറ്റീരിയൽ വർക്കുകളുടെ നിർവ്വഹണത്തിൽ മുകളിൽ വിശദമാക്കിയ പോരായ്മകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-37 വായ്പ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ലൈഫ് ഭവന പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്ന് 1,23,56,527/- രൂപ 2018-19 വർഷം ലോൺ എടുത്തിട്ടുണ്ട്. ഈ തുക secured loan എന്ന ശീർഷകത്തിലാണ് വരവ് വെക്കേണ്ടിയിരുന്നത്. എന്നാൽ ആദ്യ ഗഡു 6436527/- രൂപ 350-ൽ തുടങ്ങുന്ന ലയബിലിറ്റി ഹെഡിൽ ആണ് വരവ് വെച്ചിട്ടുള്ളത്. രണ്ടാം ഗഡുവായി ലഭിച്ച 59,20,000/- രൂപ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ബാലൻസ് ഷീറ്റിലെ B5 ഷെഡ്യൂളിൽ ബാധ്യതയായി ഈ തുക ഉൾപ്പെടുത്തിയിട്ടുമില്ല. ഇത് വാർഷികധനകാര്യപത്രിക തയ്യാറാക്കുന്നതിലുണ്ടായ ഗുരുതരമായ പിഴവാണ്. സ്ഥാപനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച തികച്ചും തെറ്റായ ചിത്രമാണ് വാർഷികധനകാര്യപത്രികയിലൂടെ ലഭ്യമാകുന്നത്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി അംഗീകരിക്കുന്നതിൽ ആവശ്യമായ ജാഗ്രത പുലർത്തികാണുന്നില്ല. ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| ഭാഗം 2 |
| --- |
| വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ - ഇല്ല |
| ഭാഗം 3 |
| ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ - ഇല്ല |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.07.19 മുതൽ 28.07. 19 വരെ | കെ.എസ്.എ.കെ.എൻ. ആർ/ സി.11.1306/2019 തീയതി:16.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനമ്പർ | വിഹിതം നൽകിയ സ്ഥാപനത്തിന്റെ പേര് | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 170000 | നെൽകൃഷിക്ക് കൂലി ചെലവ്/ സബ്സിഡി (പ്രോ.നം. 37/19) | 170000 | |
| 2 | ബ്ളോക്ക് പഞ്ചായത്ത് | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോ.നം. 35/19) | 300000 | |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 145000 | ശാരീരിക മാനസിക വെല്ലുവളികൾ നേരിടുന്നവർക്കുള്ള | 145000 | |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് (പ്രോ.നം. 4/19) | | |
| 4 | ജില്ലാ പഞ്ചായത്ത് | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 33/19 | 299999 | 1 |
| 5 | ജില്ലാ പഞ്ചായത്ത് | 100000 | സാന്ത്വന പരിചരണ പരിപാടി | 100000 | |
| 6 | ജില്ലാ പഞ്ചായത്ത് | 1451400 | ലൈഫ് മിഷൻ പദ്ധതി(ജനറൽ) (പ്രോ.നം. 89/19) | 1440000 | 11400 |
| 7 | ജില്ലാ പഞ്ചായത്ത് | 400000 | ലൈഫ് മിഷൻ പദ്ധതി (പട്ടിക വർഗം), (പ്രോ.നം. 90/19) | 140000 | 260000 |
| 8 | ജില്ലാ പഞ്ചായത്ത് | 660333 | ലൈഫ് മിഷൻ – ഭവനങ്ങളുടെ പൂർത്തികരണം, (പ്രോ.നം. 160/19) | 660333 | |
| 9 | ജില്ലാ പഞ്ചായത്ത് | 168000 | ലൈഫ് മിഷൻ – ഭവന പൂർത്തികരണം, (പട്ടികവർഗ്ഗം) (പ്രോ.നം. 161/19) | 168000 | |
| 10 | ജില്ലാ പഞ്ചായത്ത് | 145000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക ബത്ത/ സ്കോളർഷിപ്പ് (പ്രോ.നം. 4/19) | 145000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ | ബിൽ/ | നിക്ഷേപിച്ച | ചെലവഴിച്ച | പൂർത്തീ | ചെലവഴിക്കാൻ |
|---|---|---|---|---|---|---|

| ഏജൻസി | പേര് | വൗച്ചർ നം. | തുക | തുക | കരണ വിവരങ്ങൾ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 123/19-പൊതു കിണർ നിർമാണം | 6/2018-19 | 348000 | 348000 | പൂർത്തിയായി | -- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പ എടുത്ത സ്ഥാപനം | എടുത്ത വായ്പ തുക | വായ്പയുടെ ഉദ്ദേശ്യം | തിരിച്ചടവ് വിവരം | വർഷാവസാന നീക്കിയിരിപ്പ് |
|---|---|---|---|---|
| KURDFC | 1,23,56,527 | ലൈഫ് പദ്ധതി | ഇല്ല | 1,23,56,527 |

# 4-6 സ്ഥിര നിക്ഷേപം

സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷം | 2018-19 |
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 15010 |
| തന്നാണ്ടിൽ നിക്ഷേപിച്ച തുക | 5000000 |
| ആകെ | 5015010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5015010 |

അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിക്ഷേപ തുകയുടെ വിവരങ്ങൾ | തുക | രശിതി നമ്പർ |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോ-ഓപ്പ് സൊസൈറ്റി ലിമിറ്റഡ് | 10000 | 4793 |
| 2 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോ-ഓപ്പ് സൊസൈറ്റി | 5010 | ലഭ്യമല്ല |

| | | | |
|---|---|---|---|
| | ലിമിറ്റഡ് | | |
| 3 | പേരാവൂർ റീജ്യണൽ സർവീസ് സഹകരണ ബാങ്ക്, കാക്കേങ്ങാട് | 5000000 | 10414001004744 |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2018-19 വർഷം ഈടാക്കിയ 7818/- രൂപയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീതി നമ്പർ |
|---|---|---|---|---|
| 2003-04 | | 108 | കൃഷി ഓഫീസർ,മുഴക്കുന്ന് | 118020102233/23.10.2018 |
| 2006-07 | | 210 | കൃഷി ഓഫീസർ മുഴക്കുന്ന് | 118020102232 /23.10.2018 |
| 2008-09 | | 2500 | മാനേജർ,സപ്ളൈ-കോ മാവേലി സ്റ്റോർ,കാക്കേങ്ങാട് | 118020102931/17-12-2018 |
| 2009-10 | | 2500 | മാനേജർ,സപ്ളൈ-കോ മാവേലി സ്റ്റോർ,കാക്കേങ്ങാട് | 118020102946/18-12-2018 |
| 2010-11 | | 2500 | മാനേജർ,സപ്ളൈ-കോ മാവേലി സ്റ്റോർ,കാക്കേങ്ങാട് | 118020103054/27-12-2018 |
| | ആകെ | 7818 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഖണ്ഡികകളുടെ വിവരം

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56372990 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59385412 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 962 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 383157 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 962 | ശ്രീമതി മഞ്ജുള പി.വി., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 150000 | ശ്രീ.കെ.സുരേഷ്ബാബു, സെക്രട്ടറി |
| 1-19 | 6997 | ശ്രീ.കെ.സുരേഷ്ബാബു, സെക്രട്ടറി |
| 1-22 | 19000 | ശ്രീ. ഉസ്മാൻ പള്ളിപാത്ത്, ഹെഡ്മാസ്റ്റർ |
| 1-25 | 167160 | ശ്രീമതി.ഗായത്രി.എം.എൻ,കൃഷി ഓഫീസർ |
| 1-26 | 40000 | ശ്രീമതി ഡോണ സ്കറിയ,കൃഷി ഓഫീസർ |
| ആകെ | 383157 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക |
|---|---|
| 1-24 | 1992/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.കെ.സുരേഷ്ബാബു,സെക്രട്ടറി | സെക്രട്ടറി,മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | ചാന്ദ്നി, ഇരിട്ടി (പി.ഒ) കണ്ണൂർ ജില്ല |
| ശ്രീമതി.ഗായത്രി.എം.എൻ,കൃഷി ഓഫീസർ | കൃഷിഭവൻ, എലഞ്ചി, ഏറണാകുളം ജില്ല, പിൻ 686665 | ഫ്ലാറ്റ് നം. OD RDS OASIS, നേതാജി നഗർ, 4th ക്രോസ് റോഡ്, ജവഹർ നഗർ, കടവന്ത്ര, കൊച്ചിൻ. |
| ശ്രീ. ഉസ്മാൻ പള്ളിപാത്ത്, ഹെഡ് മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. മുഴക്കുന്ന് | ഹെഡ്മാസ്റ്റർ, പള്ളിപാത്ത് ഹൌസ്, പെരുവ പി.ഒ. പിൻ. 670673 |
| ശ്രീമതി ഡോണ സ്കറിയ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷി ഭവൻ, പേരാവൂർ | 'ഞാളിയൻ' കുനിത്തല, പേരാവൂർ. |
| ശ്രീമതി മഞ്ജുള പി.വി., അസി. എഞ്ചിനീയർ | -- | -- |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ.സി 11/801/19തീ.17.07.2019 | 1 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ.സി 11/801 /19തീ.17.07.2019 | 3 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ.സി 11/801 /19തീ.17.07.2019 | 2 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ.സി. 11/ 801/19തീ.17.07.2019 | 1 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ.സി 11/ 801/19തീ.17.07.2019 | 1 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ.സി 11/ 801/19തീ.17.07.2019 | 2 |
| 2010-11&2011-12 | കെ.എസ്.എ.കെ.എൻ.ആർ.സി 11/801 /19തീ.17.07.2019 | 3 |
| 2012-13 | കെ.എസ്.എ.കെ.എൻ.ആർ.സി. 11/801/19തീ.17.07.2019 | 4 |
| 2013-14 &2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി 11/801/19തീ.17.07.2019 | 2 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി 11/801/19തീ.17.07.2019 | 4 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി 11//19തീ. | 2 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ.സി 11/2121/18തീ.12.02.2019 | 8 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ./കെ.എൻ.ആർ./സി.11/405/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 25.08.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Muzhakkunnu Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 28686649.00 |
| Cash | Cash | RP-40(a) | 209728.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 848640.00 |
| 140000000 | Fees & User Charges | RP-4 | 420498.00 |
| 150000000 | Sale & Hire Charges | RP-5 | 46150.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 37168551.00 |
| 171000000 | Interest Earned | RP-9 | 166081.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5534216.00 |
| 350000000 | Other Liabilities | RP-36 | 1609910.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7818.00 |
| 311000000 | Earmarked Funds | RP-29 | 7000.00 |
| 340000000 | Deposits Received | RP-34 | 228120.00 |
| 350000000 | Other Liabilities | RP-36 | 6750596.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3585410.00 |
| | Grand total | | 85269367.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2471389.00 |
| 220000000 | Administrative Expenses | RP-12 | 827576.00 |
| 230000000 | Operations & Maintenance | RP-13 | 579294.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3397415.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20655390.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1000180.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1372093.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 206160.00 |
| 255000000 | Maintenance Projects | RP-20 | 9298258.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 44754.00 |
| 280000000 | Prior Period item | RP-26 | -2500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1381348.00 |
| 350000000 | Other Liabilities | RP-36 | 4094024.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 33167.00 |
| 340000000 | Deposits Received | RP-34 | 37600.00 |
| 350000000 | Other Liabilities | RP-36 | 1810330.00 |
| 410000000 | Fixed Assets | RP-38 | 6286085.00 |
| 420000000 | Investments | RP-41 | 5000000.00 |
| 460000000 | Loans, Advances and Deposits | RP-47 | 892849.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25782312.00 |
| Cash | Cash | RP-40(b) | 101643.00 |
| | Grand Total | | 85269367.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Muzhakkunnu Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3657362.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 104390.00 |
| 140000000 | Fee & User Charges | I-4(b) | 1208703.00 |
| 150000000 | Sale & Hire Charges | I-5(b) | 165950.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 96913806.00 |
| 171000000 | Interest Earned | I-8 | 166081.00 |
| | | | |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 7818.00 |
| | Total Income | | 102224110.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8322798.00 |
| 220000000 | Administrative Expenses | I-11(b) | 827576.00 |
| 230000000 | Operations & Maintenance | I-12(b) | 579294.00 |
| 240000000 | Interest & Finance Charges | I-13 | 33167.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3422415.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34026223.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1000180.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1372093.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 41205360.00 |
| 255000000 | Maintenance Projects | I-14(e) | 9298258.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 44754.00 |
| 272000000 | Depreciation | I-17(a) | 4304133.00 |
| | Total Expenditure | | 104436251.00 |
| | Gross Surplus/ Deficit of income over Expenditure | | -2212141.00 |
| 280000000 | Prior Period Item | I-18 | 61335.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2273476.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Muzhakkunnu Grama Panchayat BALANCE SHEET<br>As on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 5226050.25 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 89323.00 |
| | | | |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 64334186.00 |
| | Total Reserve & Surplus | | 69649559.25 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6138376.00 |
| | Total Grants, Contributions for Specific Purposes | | 6138376.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 478045.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 9497310.75 |
| | Total Current Liabilities and Provisions | | 9975355.75 |
| | TOTAL LIABILITIES | | 85763291.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 72605138.00 |
| 411000000 | Accumulated Depreciation | B-11 | -19558109.00 |
| 412000000 | Capital Work in Progress | B-11(a) | 400000.00 |
| | Total Fixed Assets | | 53447029.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 5015010.00 |
| | Total Investments | | 5015010.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 111276.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 25883955.00 |
| 460000000 | Loans, Advances and Deposits | B-18 | 1306021.00 |
| | Total Current Assets, Loans and Advances | | 27301252.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 85763291.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ